**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 599** **08-10-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തെ വിവിധ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറഞ്ഞ സമയത്തിനുള്ളിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടി പൂർത്തിയാക്കാവുന്ന തരത്തിലേക്ക് സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വിവിധ നിയമ നിർമ്മാണങ്ങളും, നിയമഭേദഗതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും, അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്.<br><br>ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ വ്യവസായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച്, കൈപ്പറ്റ് സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. മേൽപ്പറഞ്ഞ നിയമ പരിഷ്കരണങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ട് വരുന്ന നവസംരംഭകർക്കും നിലവിലുള്ള |

| | | | |
|---|---|---|---|
| | | | സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്കും നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും ആവശ്യമായ വിവിധ അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി മെച്ചപ്പെട്ട ഓൺലൈൻ ഏകജാലക സംവിധാനം, വിവിധ സ്ഥാപനങ്ങളിലായി ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധന നടപടിക്രമങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ കേന്ദ്രീകൃത പരിശോധന സംവിധാനം, വ്യവസായങ്ങൾ ആരംഭിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും ആയി ബന്ധപ്പെട്ട്, കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകളുടെ പരിഷ്കരണം എന്നിങ്ങനെ ഒട്ടനവധി പരിഷ്കരണങ്ങളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.<br><br>മേൽ പ്രവർത്തനങ്ങളുടെ ഫലമായി കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറ്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.റ്റി) പുറത്തിറക്കിയ, സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, നിഷ്കർശിച്ചിരിക്കുന്ന 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാനിന്റെ 2022 പതിപ്പിൽ ഒമ്പത് മേഖലകളിൽ സംസ്ഥാനം ടോപ്പ് അച്ചീവർ പുരസ്കാരം നേടി. പ്രസ്തുത പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളാണ് ഡി.പി.ഐ.ഐ.റ്റി ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. പ്രസ്തുത പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അനുമതികൾ എളുപ്പത്തിലും, സുതാര്യമായും, സമയബന്ധിതമായും ലഭ്യമാക്കുന്നതിനും, അതുവഴി കേരളത്തിലെ വ്യവസായ മേഖലയുടെ വികസനം ത്വരിതപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്. തൽഫലമായി കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറ്റേണൽ |

| | | | |
|---|---|---|---|
| | | | ട്രേഡ് (ഡി.പി.ഐ.ഐ.റ്റി) പുറത്തിറക്കുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ നിഷ്കർശിച്ചിരിക്കുന്ന 30 പരിഷ്കരണ മേഖലകളിൽ, ഒമ്പത് മേഖലകളിൽ സംസ്ഥാനം ടോപ്പ് അച്ചീവർ പുരസ്കാരം നേടി. പ്രസ്തുത പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളാണ് ഡി.പി.ഐ.ഐ.റ്റി ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. |
| (സി) | നിക്ഷേപ സമാഹരണ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ വരുമാനം മെച്ചപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും പുതിയ നിക്ഷേപകരെ കേരളത്തിലേക്കു ആകർഷിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കിക്കൊണ്ട് അതിനാവശ്യമായ ഒട്ടനവധി നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br><br>കെ.എസ്.ഐ.ഡി.സി മുഖേനെ നടത്തിവരുന്ന പ്രധാനമായ പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി വഴി നാളിതുവരെ 40ൽ അധികം വ്യവസായികളുമായി ചർച്ചകൾ നടത്തുകയും ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി 70ൽ പരം യോഗങ്ങൾ നടത്തുകയും ചെയ്തു. ഇവയിലെ പല സംരംഭങ്ങളുമായുള്ള ചർച്ചകളും അവസാന ഘട്ടത്തിലാണ്. മറ്റുള്ളവ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പരിപാടികളിലൂടെ ഏകദേശം 10,000 കോടിയിൽ പരം രൂപയുടെ നിക്ഷേപ താത്പര്യങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. ഇത് വഴി ഏകദേശം 5000 ൽ പരം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഈ പരിപാടികൾ വഴി തുടർന്നും പല വൻകിട സ്ഥാപനങ്ങളെയും കേരളത്തിലേക്ക് ആകർഷിക്കാൻ സാധിക്കുമെന്ന് കരുതുന്നു.<br><br>കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, വ്യവസായ നൈപുണ്യം വർധിപ്പിക്കുക, അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക മുതലായവ നടപ്പിലാക്കി വ്യാവസായിക ഉന്നമനത്തിനു സഹായകമാകും വിധം പുറത്തിറക്കിയ ഒന്നായിരുന്നു സംസ്ഥാന വ്യവസായ നയം 2023. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുവാനായി സുസ്ഥിര വികസനം ലക്ഷ്യം വെച്ചുകൊണ്ട് |

പരിസ്ഥിതി സൗഹാർദ്ദമായ വ്യവസായത്തെയും നിക്ഷേപങ്ങളെയും പ്രോൽസാഹിപ്പിക്കാനായി ഇ.എസ്.ജി നയവും സംസ്ഥാനത്തു നിന്നുള്ള കയറ്റുമതി കൂട്ടുന്നതിനായുള്ള കയറ്റുമതി പ്രോത്സാഹന നയവും 22 'സൺറൈസ്' മേഖലകളിൽ ഉൾപ്പെടുന്ന ഗ്രാഫീൻ മേഖലയെ ഉത്തേജിപ്പിക്കുവാൻ ലക്ഷ്യം വെച്ചുള്ള ഗ്രാഫിൻ നയവും നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇത് കൂടാതെ, ആധുനിക സാങ്കേതികതയിൽ അധിഷ്ഠിതമായ മേഖലകളായ ഗ്ലോബൽ കേപ്പബിലിറ്റി സെന്റർ, നിർമ്മിത ബുദ്ധി, ഹൈ-ടെക് എഞ്ചിനീയറിംഗ് എന്നിവയിലും വ്യവസായങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനായി കരട് നയങ്ങൾ സർക്കാർ രൂപീകരിക്കുന്നുണ്ട്.

പല നിക്ഷേപകരെയും നേരിൽ കാണുവാനും ചർച്ചകൾ നടത്തുവാനും അവസരം ഒരുക്കുന്ന നിരവധി ദേശീയ-അന്താരാഷ്ട്ര ഉച്ചകോടികൾ, കോൺക്ലേവുകൾ എന്നിവയിൽ കേരളത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും അതുവഴി നിക്ഷേപകരെ കേരളത്തിലേക്കു ആകർഷിക്കുകയും ചെയ്തുവരുന്നു. കൂടാതെ, കേരള സർക്കാർ വിവിധ തരം നിക്ഷേപ കൂട്ടായ്മകൾ, സമ്മേളനങ്ങൾ, ഉച്ചകോടികൾ എന്നിവ സംഘടിപ്പിക്കുകയും ടി പരിപാടികൾ വഴി വ്യവസായികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും, അത് പരിഹരിക്കുവാനും, അവരുമായി നല്ല ബന്ധത്തിൽ ഏർപ്പെടുവാനും, അത്യാധുനിക സാങ്കേതികവിദ്യകൾ കേരളത്തിൽ കൊണ്ട് വരുവാനും, പുതിയ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുവാനും സഹായകമാകുന്നതാണ്. പുതുക്കിയ വ്യവസായ നയങ്ങളുടെ ഭാഗമായി കേരളത്തിൽ കൂടുതൽ സംരംഭകനിക്ഷേപത്തിനുള്ള അന്തരീക്ഷം സംജാതമായിട്ടുണ്ട്. നിക്ഷേപ സമാഹരണം പ്രോത്സാഹിപ്പിയ്ക്കുന്നതിനും, സുഗമമാക്കുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഉപജില്ലാ വ്യവസായ ഓഫീസർമാരുടെ നേതൃത്വത്തിൽ താലൂക്ക് തല ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും, അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാന തല ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, നിക്ഷേപത്തിന് താൽപര്യമുള്ള സംരംഭകരെ

| | | | |
|---|---|---|---|
| | | | കണ്ടെത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, നിലവിലെ നിക്ഷേപകർക്ക് കൂടുതൽ നിക്ഷേപങ്ങൾ നടത്തുന്നതിനുള്ള പ്രോത്സാഹനങ്ങൾ നൽകുക, വ്യവസായവുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികൾ, ബി.2. ബി, ഇൻവെസ്റ്റ്മെന്റ് കോൺക്ളേവ് എന്നിവ സംഘടിപ്പിക്കുകയാണ് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളുടെ ലക്ഷ്യം.<br><br>ഇൻവെസ്റ്റ്മെൻറ്റ് പ്രൊമോഷന്റെ ഭാഗമായി സംസ്ഥാനത്ത് ഉത്പാദന- സേവന മേഖലയിൽ അഞ്ചുകോടി രൂപയിലധികം തുക മുതൽ മുടക്കി നിർമ്മാണം പൂർത്തീകരിച്ചുവരുന്ന പദ്ധതികളിലെ നിക്ഷേപകരുടെ ഒരു സംഗമം (ഇൻവെസ്റ്റർ കോൺക്ലേവ് 2024 ) ജൂലൈ 29 ന് എറണാകുളം ലേ മെറിഡിയൻ ഹോട്ടലിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. വിവിധ ജില്ലകളിൽ നിന്നുമായി 352 സംരംഭകർ പ്രസ്തുത സംഗമത്തിൽ പങ്കെടുക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ